പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ; 3537

10-4-13 ൽ
മറു പടിക്ക്

## വെബ് അധിഷ്ഠിത വാർത്താ വിതരണ സംവിധാനം

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം. എ. വാഹിദ്<br>ശ്രീ. പാലോട് രവി<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. കെ.സി. ജോസഫ്<br>( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് ബ്ലോക്ക് തലത്തിൽ വെബ് അധിഷ്ഠിത വാർത്താ വിതരണ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. ബ്ലോക്ക് പഞ്ചായത്തുകളിൽ കരാർ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന ഇൻഫർമേഷൻ അസിസ്റ്റന്റുമാർ സമർപ്പിക്കുന്ന വികസന വാർത്തകൾ ജില്ലാതല പത്രകുറിപ്പിൽ ഉൾപ്പെടുത്തുന്നതിനു പുറമേ വിവരപൊതുജന സമ്പർക്ക വകുപ്പ് ആരംഭിക്കുന്ന ന്യൂസ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയും അതുവഴി മാധ്യമങ്ങൾക്കും പൊതു ജനങ്ങൾക്കും ലഭ്യമാക്കുകയും ചെയ്യുന്നു. |
| ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കുമോ; | ബി) & സി) ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഗ്രാമീണ ജലസേചന പദ്ധതി, സാനിട്ടേഷൻ പദ്ധതി സർവശിക്ഷാഅഭിയാൻ ദേശീയ ആരോഗ്യ മിഷൻ തുടങ്ങി നിരവധി കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് പൗരൻമാർക്ക് സമയബന്ധിതമായി അറിവ് നൽകുക. സംസ്ഥാന സർക്കാർ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ജനക്ഷേമപദ്ധതികൾ സംബന്ധിച്ച് സമയബന്ധിതമായി വാർത്തകൾ എത്തിച്ച് ശരിയായ ഗുണ ഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുംവിധം വാർത്തകളുടെ ഏകോപനം നടത്തുക ഗ്രാമങ്ങളിലും കൂടുതൽ ഉൾപ്രദേശങ്ങളിലും വാർത്താലേഖകർ ഇല്ലാത്തതിനാൽ റിപ്പോർട്ട് ചെയ്യാൻ കഴിയാത്ത വികസന വാർത്തകൾ അച്ചടി ദൃശ്യമാധ്യമങ്ങൾക്ക് എത്തിച്ചു നൽകുക. വാർത്താവിതരണ മേഖലകളിൽ ഗ്രാമങ്ങൾക്കും നഗരങ്ങളുടേതായ പ്രാധാന്യം ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. |
| സി) | പ്രസ്തുത സംവിധാനം മുഖേന എന്തെല്ലാം സേവനങ്ങളാണ് പൊതു ജനങ്ങൾക്ക്ലഭിക്കുന്നത് വിശദമാക്കുമോ; | |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത സംവിധാനത്തിനാവശ്യമായ മനുഷ്യവിഭവശേഷി എങ്ങനെ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) | ഇൻഫർമേഷൻ അസിസ്റ്റന്റുമാരെ കരാർ വ്യവസ്ഥയിൽ ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഇതിനായി നിയമിക്കുന്നു. കണ്ണൂർ, കോഴിക്കോട്, തൃശൂർ എറണാകുളം, കോട്ടയം, കൊല്ലം ജില്ലകളിൽ ഈ പദ്ധതി 2012 ഡിസംബർ മാസത്തിൽ ആരംഭിച്ചു കഴിഞ്ഞു. മറ്റ് ജില്ലകളിൽ ഇൻഫർമേഷൻ അസിസ്റ്റന്റു-മാരുടെ വാക്ക് ഇൻ ഇന്റർവ്യൂ നടന്നുവരുന്നു. ടി ജില്ലകളിൽ ഉടൻതന്നെ പദ്ധതി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ